Draft #7 of File AcA4/3/OC/MHRM/ICES/Devikrishna/2021 (PART-I) Approved by ASSISTANT REGISTRAR II (ACADEMIC) on 08-Jan-2023 04:26 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

U G C 2014 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കോഴ്സുകളുടെ nomenclature ൽ MHRM പ്രോഗ്രാം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ - ടി പ്രോഗ്രാം MA(HRM) എന്ന് പുനർനാമകരണം ചെയ്യുന്നതിനും, MHRM ബിരുദധാരികളായ വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്ന പക്ഷം - MA(HRM) എന്ന പേരിൽ സർട്ടിഫിക്കറ്റ് നൽകുന്നതിനും - അനുമതി -അക്കാദമിക് കൗൺസിൽ -അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 236/AC A 4/2023/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 09.01.2023

---

*പരാമർശം:*-1. സ.ഉ.നം.2807/ACA4/2021/എം.ജി.യു.,22.06.2021

2. 22.10.2022 തിയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗ മിനിറ്റ്സ് ഇനംനമ്പർ :104/22.08/AcA4/3/OC/MHRM-Nomenclature-UGC/ICES Evln/2022(Part 1)

3. 05.11.2022 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 88/AcA4/3/OC/MHRM-Nomenclature - UGC/ICES Evln/2022 (23 .12 2022 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (22 .09 ) ഇനം നമ്പർ 01 /22 .09 / 220044 ആയി സമർപ്പിച്ചത് )

**ഉത്തരവ്**

UGC 2014 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കോഴ്സുകളുടെ nomenclature ൽ MHRM പ്രോഗ്രാം ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ വിദേശത്തുൾപ്പെടെ ഉപരിപഠനം , തൊഴിൽ ഇവ നഷ്ടപ്പെടുന്നത് സംബന്ധമായ പരാതികൾ MHRM ബിരുദധാരികളായ വിദ്യാർത്ഥികൾ സർവകലാശാലയിൽ സമർപ്പിച്ചിരുന്നു.

1986 മുതൽ സർവ്വകലാശാലയിൽ നിലവിലുണ്ടായിരുന്ന MA (Personal Management and Industrial Relations) പ്രോഗ്രാം 2001 മുതൽ MHRM എന്ന് മാറ്റുകയും 2003 മുതൽ ടി പ്രോഗ്രാം, മാനേജ്മെന്റ് സയൻസസ് ഫാക്കൽറ്റിയുടെ കീഴിലാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ UGC (2014 ൽ) പ്രസിദ്ധീകരിച്ചിട്ടുള്ള അംഗീകൃത കോഴ്സുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, 2021 പ്രവേശനം മുതൽ ടി പ്രോഗ്രാമിന്റെ പേര് പരാമർശം (1) സർവകലാശാല ഉത്തരവ് പ്രകാരം MA (HRM) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.

2001 പ്രവേശനം മുതൽ 2020 പ്രവേശനം വരെ സർവകലാശാല നടത്തിവന്നിരുന്ന MHRM പ്രോഗ്രാം UGC സ്പെസിഫൈഡ് കോഴ്സ് ലിസ്റ്റിൽ ഉൾപ്പെടുന്നില്ല എന്നത് ഇതിനോടകം പ്രോഗ്രാം പൂർത്തിയാക്കിയവരും, MHRM ബിരുദധാരികളുമായ നിരവധി വിദ്യാർത്ഥികളുടെ ഭാവിയെ സാരമായി ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ, ടി വിഷയം ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിച്ചിരുന്നു. പരാമർശം (2) സിൻഡിക്കേറ്റ് യോഗതീരുമാനപ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്ന പ്രസ്തുത

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

വിഷയത്തിന്മേൽ, പരാമർശം (3) പ്രകാരം, "UGC 2014 -ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കോഴ്സുകളുടെ nomenclature ൽ MHRM പ്രോഗ്രാം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി കോഴ്സിനെ MA(HRM) എന്ന് പുനർനാമകരണം ചെയ്യുന്നതിനും, MHRM ബിരുദധാരികളായ വിദ്യാർഥികൾ അപേക്ഷിക്കുന്ന മുറയ്ക്ക് ഫീസ് ഈടാക്കാതെ MA(HRM) എന്ന പേരിൽ പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതിനും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനിൽകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്
2. രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ പി.എ
3. പ്രിൻസിപ്പൽ,ബന്ധപ്പെട്ട കോളേജുകൾ
4. എ.ആർ/ഡി.ആർ/ജെ.ആർ (പരീക്ഷ/അക്കാഡമിക്)
5. EI 3 /AcB 6 / IT Cell 1/2 സെക്ഷനുകൾ
6. PRO സെക്ഷൻ / റെക്കോർഡ് സെക്ഷൻ
7. ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #7 of File AcA4/3/OC/MHRM/ICES/Devikrishna/2021 (PART-I) Approved by ASSISTANT REGISTRAR II (ACADEMIC) on 08-Jan-2023 04:26 PM - Page 2